## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 208** | **12/02/2020-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായുള്ള നിയന്ത്രണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം<br>,, മഞ്ഞളാംകുഴി അലി<br>,, പി.ഉബൈദുള്ള<br>,, അബ്ദുൽ ഹമീദ് പി.** | | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി പ്രവാസി നിക്ഷേപം തിരിച്ചു നൽകാൻ ജില്ലാസഹകരണ ബാങ്കുകൾക്ക് ആർ.ബി.ഐ. നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ജില്ലാ സഹകരണ ബാങ്കുകൾ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിച്ച പശ്ചാത്തലത്തിൽ കോഴിക്കോട്, വയനാട് ജില്ലാ സഹകരണ ബാങ്കുകൾക്ക് താഴെ പറയുന്ന നിർദ്ദേശങ്ങളാണ് പ്രവാസി നിക്ഷേപം സംബന്ധിച്ച് റിസർവ്വ് ബാങ്ക് നൽകിയിരുന്നത്.<br>1. പ്രവാസി നിക്ഷേപം സ്വീകരിക്കുന്നതിന് നൽകിയിരുന്ന ആതറൈസേഷൻ സർട്ടിഫിക്കറ്റ് സറണ്ടർ ചെയ്യണം.<br>2. പുതുതായി പ്രവാസി അക്കൗണ്ടുകൾ തുറക്കരുത്.<br>3. ലയന തീയ്യതി മുതൽ 6 മാസത്തിനകം നിലവിലെ പ്രവാസി നിക്ഷേപ അക്കൗണ്ടുകൾ നിർത്തൽ ചെയ്യണം.<br>4. കാലാവധി തികയുന്ന പ്രവാസി നിക്ഷേപ അക്കൗണ്ടുകൾ പുതുക്കി നൽകരുത്. |
| (ബി) | സഹകരണ ബാങ്കുകളിൽ ഒരു ദിവസം സൂക്ഷിക്കാവുന്ന പണത്തിന്റെ പരിധി കുറച്ചിട്ടുണ്ടോ; അറിയിക്കുമോ; | (ബി) | ശാഖകളുടെ inflow -outflow -യുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന സഹകരണ ബാങ്ക് ശാഖകളിൽ സൂക്ഷിക്കേണ്ടുന്ന പണത്തിന്റെ പരിധി നിശ്ചയിക്കുന്നത്. ഇത് ശാഖകളിൽ നടക്കുന്ന ബിസിനസ്സിനനുസരിച്ച് കാലകാലങ്ങളിൽ മാറിക്കൊണ്ടിരിക്കും. ശാഖകളുടെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനത്തിന് ആവശ്യമായ പണം എപ്പോഴും ശാഖകളിൽ ലഭ്യമായിരിക്കും. സഹകരണ ബാങ്കുകളിൽ ഒരു ദിവസം സൂക്ഷിക്കാവുന്ന പണത്തിന്റെ പരിധി കുറച്ചിട്ടില്ല. |
| (സി) | ഈ നിയന്ത്രണങ്ങൾ മൂലം ഇടപാടുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (സി) | ഇടപാടുകാർക്ക് ടി നടപടി മൂലം ബുദ്ധിമുട്ട് ഉണ്ടാകുന്നില്ല. ആവശ്യമായ പണം ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.